ഉത്തരവായിട്ടുണ്ട്. തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† സർക്കാരിന്റെ വ്യയനിയന്ത്രണത്തിന്റെ ഭാഗമായാണ് ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ക്ലറിക്കൽ വിഭാഗത്തിൽപ്പെട്ട 28 പേരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. എത്ര വീതം ഏതൊക്കെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി എന്നതിനെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(സി) വ്യവസായ-വാണിജ്യ വകുപ്പ് നടപ്പിലാക്കിയിരുന്ന അടിസ്ഥാന സൗകര്യ വികസനം, വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലമെടുക്കൽ എന്നിവ ഇപ്പോൾ കിൻഫ്ര പോലുള്ള സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. പുതുതായി ആരംഭിച്ച കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ കിൻഫ്ര, കെ-ബിപ്പ് മുഖേനയും, ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കിൻഫ്ര വഴിയുമാണ് നടപ്പിലാക്കുന്നത്. ഇൻഡസ്ട്രി ഇൻകുബേറ്റേഴ്സ്, കര കൗശലമേഖലയെപ്പറ്റിയുള്ള പഠനം, മുളഅധിഷ്ഠിത വികസനം, കരകൗശല മേഖലയിൽ മേഖലാ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ മറ്റ് ഏജൻസികൾ മുഖാന്തിരമോ, അവരുടെ സഹായത്തോടുകൂടിയോ നടപ്പിലാക്കുന്നവയാണ്.

കൈത്തറി വ്യവസായരംഗം നേരിടുന്ന പ്രതിസന്ധി

21 [451] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ്ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നതുമൂലം കൈത്തറി സഹകരണസംഘങ്ങളും തൊഴിലാളികളും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് സംസ്ഥാനത്ത് കെട്ടിക്കിടക്കുന്നതെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കെട്ടിക്കിടക്കുന്ന കൈത്തറിത്തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനും കൈത്തറി വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ഡി) കൈത്തറി വ്യവസായത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഹാന്റ്ക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയിലായി ഉദ്ദേശം 100 കോടി രൂപയുടെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുന്നതായി കണക്കാക്കുന്നു.

(ബി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) കെട്ടിക്കിടക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കുന്നതിനും ഭാവിയിൽ വസ്ത്രങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ ഗുണമേൻമയേറിയ ആകർഷണീയമായ വസ്ത്രങ്ങൾ മാത്രം ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കിയാണ് സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 10% റിബേറ്റിനു പുറമേ പ്രത്യേക കിഴിവുകൾ കൂടി നൽകി, കെട്ടിക്കിടക്കുന്ന കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കാൻ ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രഖ്യാപിത കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കുകയും അതനുസരിച്ചുള്ള തുക കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിലെ പ്രതിസന്ധി ഇല്ലാതാക്കാൻ നടപടി

22 [452] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയുടെ നിലനിൽപ്പ് പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രതിസന്ധി ഒഴിവാക്കി മുന്നോട്ടുപോകുന്നതിനും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉദ്ദേശം 175,000 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം) തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കുന്നു.

(ബി) പരമ്പരാഗത വ്യവസായമെന്ന നിലയിൽ കൈത്തറി വ്യവസായ മേഖലയ്ക്കും പ്രതിസന്ധികളുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly